4923
31/5/14

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2014 മേയ് 6<br>6th May 2014<br>1189 മേടം 23<br>23rd Medam 1189<br>1936 വൈശാഖം 16<br>16th Vaisakha 1936 | നമ്പർ<br>No. | 1181 |

## കേരള സർക്കാർ

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (പി) നമ്പർ 34/2014/മ.തു.വ. *തിരുവനന്തപുരം, 2014 മേയ് 5.*

**എസ്. ആർ. ഒ. നമ്പർ 271/2014.**—2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ (2010-ലെ 15-ാം ആക്ട്) 2-ാം വകുപ്പ് (ഡി) ഖണ്ഡം 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിലെ 4, 9, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 25, 26, 27, 28, 29 എന്നീ ചട്ടങ്ങളുമായി കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, ഫിഷറീസ് വകുപ്പിലെ താഴെ പറയുന്ന ഉദ്യോഗസ്ഥരെ പ്രസ്തുത ആക്ടിന്റെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻമാരായി ഇതിനാൽ നിയമിക്കുന്നു, അതായത് :—

1. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
2. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
3. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, വയനാട്
4. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
5. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പൊന്നാനി
6. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, പാലക്കാട്
7. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
8. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല), എറണാകുളം
9. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
10. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി
11. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം
12. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, പത്തനംതിട്ട
13. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
14. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല), തിരുവനന്തപുരം.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ആർ. ജ്യോതിലാൽ,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ (2010-ലെ 15-ാം ആക്ട്) 2-ാം വകുപ്പ് (ഡി) ഖണ്ഡപ്രകാരം ആക്ടിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രാകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം മുഖേന ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്താവുന്നതാണ്. അപ്രകാരം പ്രസ്തുത ആക്ടിലെയും 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.